കെ1-1495/2020

കളക്ടറേറ്റ്, തൃശ്ശൂർ - 680003,
ഫോൺ : (0487) 2433483
ഇ-മെയിൽ : tsrcoll.ker@nic.in,
തീയതി : 04.02.2020

പ്രേഷകൻ

ജില്ലാ കളക്ടർ
തൃശ്ശൂർ

സ്വീകർത്താവ്

തൃശ്ശൂർ ജില്ലയിലെ എല്ലാ സ്കൂൾ / കോളേജ് / വിദ്യാഭ്യാസ സ്ഥാപന മേധാവികൾ

സർ ,

വിഷയം:- ദുരന്ത നിവാരണം - കൊറോണ വൈറസ് ബാധക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള പഠനയാത്രകൾ ഒഴിവാക്കുന്നത് സംബന്ധിച്ച്

സൂചന:-ദുരന്ത നിവാരണ (എ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 03.02.2020 ലെ DMA2/238/2018/DMD നമ്പർ കത്ത്

തൃശ്ശൂർ ജില്ലയിൽ നോവൽ കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചിട്ടുള്ളതാണ്. സൂചന പ്രകാരം ലഭ്യമാക്കിയ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 03.02.2020 ലെ യോഗ തീരുമാനപ്രകാരം കൊറോണ വൈറസ് ബാധയെ തുടർന്നുള്ള സാഹചര്യത്തെ "സ്റ്റേറ്റ് സ്പെസിഫിക് ഡിസാസ്റ്റർ " ആയി പ്രഖ്യാപിച്ചിട്ടുള്ളതാണ്.

കൊറോണ വൈറസ് വ്യാപനത്തിനെതിരെ അതീവ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതായിട്ടുണ്ട് . ജില്ലയിൽ കൂടുതൽ പേർ നിരീക്ഷണത്തിൽ പ്രവേശിപ്പിക്കുന്ന സാഹചര്യത്തിൽ , വിദ്യാർത്ഥികൾ പൊതുജനങ്ങളുമായി കൂടുതൽ ഇടപഴകി രോഗവ്യാപന സാധ്യത വർദ്ധിക്കുന്നത് തടയുന്നതിനായി കൊറോണ വൈറസ് ബാധ പൂർണ്ണമായും ഒഴിവാകുന്നത് വരെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള പഠനയാത്രകൾ ഒഴിവാക്കി സഹകരിക്കുന്നതിന് താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ
-ഒപ്പ്-
ജില്ലാ കളക്ടർ

പകർപ്പ്

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ , തൃശ്ശൂർ
കൊളീജിയറ്റ് എഡ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ , തൃശ്ശൂർ
ജില്ലാ ഇൻഫർമേഷൻ ഓഫീസർ (അഭ്യർത്ഥന പത്രമാധ്യമങ്ങൾ വഴി അറിയിക്കുന്നതിന്)

//അംഗീകാരത്തോടെ//

ഡെപ്യൂട്ടി കളക്ടർ (ഡി എം)